LIBRARY ARCHIVES Kerala Legislative Assembly

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് ആന്റ് സിസ്റ്റംസ്

170 (2989) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംങ്ങ് നെറ്റ്വർക്ക് ആന്റ് സിസ്റ്റംസ് (സി.സി.റ്റി.എൻ.എസ്) പദ്ധതിയുടെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ് ; ഇതുവരെ അതിനായി എത്ര തുക ചെലവഴിച്ചു ; ഇതിനായി കേന്ദ്ര സഹായം എത്ര ലഭിച്ചു ; വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ നടത്തിപ്പുചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത് ; എന്തെല്ലാം വ്യവസ്ഥകളാണ് ഇതു സംബന്ധിച്ച് അംഗീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

15 പോലീസ് ജില്ലകളിലായി 368 പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ ഡയറി(GD), FIR എന്നീ മോഡ്യൂളുകൾ നടപ്പിലാക്കിക്കഴിഞ്ഞു. ശേഷിക്കുന്ന 4 പോലീസ് ജില്ലകളിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) 16-2-2014-ൽ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് അംഗീകരിക്കപ്പെട്ട അടങ്കൽ തുകയായ 42.99 കോടിയിൽ 20.87 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ നിന്നും 21.87 കോടി (പലിശയിനത്തിലുള്ള വരവുൾപ്പെടെ) രൂപ പദ്ധതി നടത്തിപ്പിനായി വിവിധ ഏജൻസികൾക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനുകീഴിലുള്ള നൃഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി. കേരളത്തിൽ ഈ പദ്ധതിയുടെ നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം

ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് ആന്റ് സിസ്റ്റംസ് (CCTNS) കേരളത്തിൽ നടപ്പിലാക്കുന്നത് System Integrator (SI) ആയ TATA Consultancy Services Ltd ആണ്. CCTNS പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും മറ്റൊരു കമ്പനിയായ Accenture Service Private Ltd. നെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്ന പേരിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നടത്തിപ്പ് സംബന്ധിച്ച് റ്റാറ്റാ കൺസൾട്ടൻസി സർവ്വീസുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെയുള്ള പോലീസ് സ്റ്റേഷനുകളിലും മറ്റ് ഇതര പോലീസ് ഓഫീസുകളിലും (ആകെ 835 ഓഫീസുകൾ) നടപ്പിലാക്കുന്നതും ശേഷം 5 വർഷക്കാലം പരിപാലനവും കമ്പനിയുടെ ഉത്തരവാദിത്തമാണ്.

(ഡി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെയും നിർദ്ദേശാനുസരണമാണ് ഈ പദ്ധതിയുടെ 'Core Application Software (CAS)' ദേശീയ തലത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള സോഫ്റ്റ്വെയറിൽ "അന്യദേശ തൊഴിലാളികളുടെ വിവരശേഖരണം" എന്ന മോഡ്യൂൾ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം CCTNS പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ല.

പുതിയ പോലീസ് സ്റ്റേഷൻ

171 (2990) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(സി) പുതുതായി പോലീസ് സ്റ്റേഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) പുതിയതായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനായി വകുപ്പു തലത്തിലും സർക്കാർ തലത്തിലും പരിഗണനയിലുള്ള സ്ഥലങ്ങളുടെയും ജില്ലകളുടെയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly